DWCD/3661/2022-D1

I/74125/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക.ജി. IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്– സംയോജിത ശിശു സംരക്ഷണ പദ്ധതി – ഗവ. ചിൽഡ്രൻസ് ഹോമിലെ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് 2022 സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് (വർണ്ണച്ചിറുകുകൾ 2022) സംഘടിപ്പിക്കുന്നത് - ഔദ്യോഗിക വാഹനങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. സ. ഉ. (സാധാ) നം. 536/2022/WCDD തിയതി 15.12.2022

2. ഈ കാര്യാലയത്തിലെ 22.12.2022 ലെ ICPS 2/4321/2022 നമ്പരായുള്ള ഉത്തരവ്.

**<u>ഉത്തരവ് നം. DWCD/3661/2022/D1 : തീയതി: 31-12-2022</u>**

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെയും തിരുവനന്തപുരം ജില്ലയിലെ എൻ.ജി.ഒ ഹോമുകളിലെ കുട്ടികളുടെയും സർഗ്ഗവാസനകൾ പ്രോൽസാഹിപ്പിക്കുന്നതിനായി 2022 സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് ( വർണ്ണച്ചിറുകുകൾ 2022) 2023 ജനുവരി മാസം 20, 21, 22 തിയതികളിൽ തിരുവനന്തപുരം വഴുതക്കാട് ഗവ വിമൺസ് കോളേജിൽ വച്ച് സംഘടിപ്പിക്കുന്നു.

മേൽസാഹചര്യത്തിൽ 2022 സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് (വർണ്ണച്ചിറുകുകൾ 2022) പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലയിലെ, വകുപ്പിലെ മുഴുവൻ വാഹനങ്ങളും ഡ്രൈവർ സഹിതം 2023 ജനുവരി മാസം 20, 21, 22 തിയതികളിൽ വനിത ശിശു വികസന ഡയറക്ടറേറ്റിൽ ഹാജരാകുന്നതിന് ഉത്തരവാകുന്നു. തിരുവനന്തപുരം അർബൻ-2, അർബൻ-3, അർബൻ-4 പോത്തൻകോട്, നേമം, നെടുമങ്ങാട് അഡീഷണൽ എന്നീ ഐസിഡിഎസ് കര്യാലയങ്ങളിലെ വാഹനങ്ങൾ ഡ്രൈവർ സഹിതം 2023 ജനുവരി മാസം 19-ാം തിയതി രാവിലെ 10 മണി മുതൽ ഈ കാര്യലയത്തിൽ ഹാജരായിരിക്കേണ്ടതാണ്.

കൂടാതെ പ്രസ്തുത പരിപാടിയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി 04.01.2023 മുതൽ ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്നതനുസരിച്ച് വാഹനങ്ങൾ ഹാജരാക്കേണ്ടതുമാണ്.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും,
തിരുവനന്തപുരം ജില്ല.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. സൂപ്രണ്ട്, ഡി സെക്ഷൻ.
2. പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്